ഉത്തരം

(എ) റാന്നി താലൂക്കിൽ '9' പേർ പകർച്ചപ്പനിയും മറ്റ് അസുഖങ്ങളും ബാധിച്ച് മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റാന്നി താലൂക്കിൽ ഒരു ആയുർവേദ ആശുപത്രിയും ഏഴ് ആയുർവേദ ഡിസ്പെൻസറികളും, മൂന്ന് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

(സി) റാന്നി താലൂക്ക് ആയുർവേദ ആശുപത്രി അനുവദിക്കാൻ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ആയുർവേദ ആശുപത്രി കെട്ടിടങ്ങൾ നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

ആയുർവേദ ആശുപത്രികളിൽ ദിവസ വേതന അടിസ്ഥാനത്തിൽ അറ്റൻഡർ തസ്തികയിൽ നിയമനം

136 [5934] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ആശുപത്രികളിൽ അറ്റൻഡർ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിൽ ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും അവർ ജോലിയിൽ പ്രവേശിച്ചിട്ട് എത്ര നാളായി എന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിലുള്ളപ്പോൾ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനവും അതുവഴി നടപ്പിലാക്കാതിരിക്കാൻ കാരണം പറയാമോ;

(ഡി) നിർബന്ധമായും 180 ദിവസമോ അതിൽ കൂടുതലോ സേവന ദൈർഘ്യം വേണ്ടുന്ന താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രം നടപ്പിലാക്കുവാൻ കർശന നിർദ്ദേശം നൽകാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly